പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2977 20-12-2012-ൽ മറുപടി നൽകേണ്ടിയിരുന്നത്.

# റവന്യൂ വകുപ്പിലേയ്ക്ക് മടങ്ങി വന്നവരുടെ സീനിയോറിറ്റി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ | | ശ്രീ. അടൂർ പ്രകാശ്<br>ബഹു. റവന്യൂ - കയർ വകുപ്പ് മന്ത്രി. |
| (എ) റവന്യൂ വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് ബോർഡ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ജോലി തേടി പോകുകയും പിന്നീട് തിരികെ റവന്യൂ വകുപ്പിൽ വരികയും ചെയ്ത ഉദ്യോഗസ്ഥർക്ക് ബോർഡ്, കോർപ്പറേഷനുകളിൽ ജോലി ചെയ്ത കാലയളവ് റവന്യൂ വകുപ്പിലെ സീനിയോറിറ്റിയ്ക്കായി പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; പരിഗണിച്ചിട്ടുണ്ടെങ്കിൽ നിലവിലുള്ള കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ ; | (എ) | ഇത്തരത്തിൽ സർവ്വീസിൽ പുന: പ്രവേശിച്ചവർക്ക് 18.2.1981 ലെ ജി.ഒ.(പി) 48/81 നം. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് സീനിയോറിറ്റി അനുവദിച്ചു നൽകേണ്ടിയിരുന്നത്. എന്നാൽ പ്രസ്തുത ജീവനക്കാർക്ക് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 8 പ്രകാരമാണ് റവന്യൂ അധികൃതർ സീനിയോറിറ്റിക്ക് പരിഗണിച്ചിരുന്നത് എങ്കിലും ഇവർ റവന്യൂ വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് പൊതുമേഖലാ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച ശേഷം റവന്യൂ വകുപ്പിൽ തിരികെ പ്രവേശിച്ചത് 2 വർഷത്തിനുള്ളിൽ ആയതിനാൽ (പ്രൊബേഷൻ കാലാവധിയ്ക്കകം) ടി ജീവനക്കാർക്ക് എൽ.ഡി.സി. തസ്തികയിൽ അനർഹമായ സീനിയോറിറ്റി നൽകിയിട്ടില്ല. |
| (ബി) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റുകളിൽ ഇങ്ങനെ തിരികെ വന്ന എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട് ; അവർ ഏതൊക്കെ ഓഫീസുകളിൽ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്തു വരുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) | 5 പേർ റവന്യൂ വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി തേടിപോയ ശേഷം മാതൃ വകുപ്പിൽ പുന: പ്രവേശിച്ചിട്ടുണ്ട്. ഇവരിൽ 3 പേർ തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ എൽ.ഡി.സി. ആയി ജോലി നോക്കുന്നു. മറ്റൊരാൾ ആലപ്പുഴ ജില്ലയിൽ എൽ.ഡി.സി. ആയിരുന്ന ശ്രീ. റ്റി. ശ്യാംഗീത്, റവന്യൂ വകുപ്പിൽ നിന്ന് വീണ്ടും വിടുതൽ ചെയ്ത് പോയിട്ടുള്ളതും, ശ്രീ. സാം എൽ. സോൺ എന്ന മറ്റൊരു ജീവനക്കാരൻ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സീനിയർ സൂപ്രണ്ടായി ജോലി നോക്കി വരികയും ചെയ്യുകയാണ്. |

സെക്ഷൻ ഓഫീസർ.